# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 2142

11.02.2020-ൽ മറുപടിയ്ക്ക്

### പരിയാരം സർക്കാർ ആയുർവേദ കോളേജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.വി.രാജേഷ് | | ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | പരിയാരം സർക്കാർ ആയുർവേദ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; | (എ) | കണ്ണൂർ ആയുർവേദ കോളേജിനോടനുബന്ധിച്ച് 14.45 കോടി രൂപ എസ്റ്റിമേറ്റിൽ 4 നിലകളിലായി നിർമ്മിക്കുന്ന സ്ത്രീകളുടേയും, കുട്ടികളുടേയും ആശുപത്രിയുടെ കെട്ടിട നിർമ്മാണം (സിവിൽ വർക്ക്സ്) ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന്റെ 1 , 3 നിലകളുടെ ഇലക്ട്രിഫിക്കേഷൻ ജോലികൾ ജനുവരി അവസാനവാരം മാത്രമാണ് ആരംഭിച്ചിട്ടുള്ളത്. ടി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് 2 മാസത്തിൽ കൂടുതൽ ആവശ്യമാണെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം ആശുപത്രിയുടെ രണ്ടാം നിലയിൽ സജ്ജീകരിക്കുന്ന ഓപ്പറേഷൻ തീയറ്റർ, ലേബർ റൂം, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, രണ്ടാം നിലയിലെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ, എം.ജി.പി.എസ്. റൂം എന്നിവയുടെ പ്രവൃത്തി ഏറ്റെടുത്ത കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ M/s HLL infra Tech Service Limited- ന് 28.01.2020-ന് സൈറ്റ് കൈമാറുകയും ടി സ്ഥാപനം പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആശുപത്രി കെട്ടിടത്തിൽ റാമ്പ്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുന്നതിനും, മുറ്റം മോടി പിടിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾക്കും പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ ; | (ബി) | സ്ത്രീകളുടേയും, കുട്ടികളുടേയും ആശുപത്രിയുടെ 1 , 3 നിലകളിലെ വൈദ്യുതീകരണ പ്രവൃത്തികൾ, രണ്ടാം നിലയിൽ സജ്ജീകരിക്കേണ്ട ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം, പോസ്റ്റ് ഓപ്പറേറ്റീവ് വാർഡ്, രണ്ടാം നിലയിലെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ, എം.ജി.പി.എസ്.റൂമിന്റെ നിർമ്മാണം, മുറ്റം മോടി പിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ ത്വരിതഗതിയിൽ തുടർന്നു വരുന്നു. കൂടാതെ ഇതനുസരിച്ച് പഞ്ചായത്തിൽ നിന്ന് കെട്ടിട നമ്പർ ലഭ്യമാക്കി വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിൻപ്രകാരം എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 5 മാസത്തെ സമയം ആവശ്യമാണ്. |
| (സി) | പ്രസ്തുത ആയുർവേദ കോളേജിലെ ലേഡീസ് ഹോസ്റ്റലിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ? | (സി) | കണ്ണൂർ ഗവ. ആയുർവേദ കോളേജിലെ പെൺകുട്ടികൾക്ക് താമസിക്കുന്നതിന് വേണ്ടി പുതിയ ഹോസ്റ്റൽ കെട്ടിടത്തിന് 2019-20 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഭരണാനുമതി നൽകുകയും ഇതനുസരിച്ച് ടെണ്ടർ ക്ഷണിച്ച് ടി പ്രവൃത്തിക്കായി കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കരാറുകാരൻ കെട്ടിടം നിർമ്മിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റുകയും, കമ്പി, കല്ല് തുടങ്ങിയവ എത്തിക്കുകയും ചെയ്തിട്ടുണ്ട്. |

Signature valid
Digitally signed by SANGEETHA T S
Date: 2020.02.[illegible]:30:28 IST
Reason: Approved